പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3749 20/07/2015 - ൽ മറുപടിയ്ക്ക്

**എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകളിലെ തിരുത്തലുകൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കഴിഞ്ഞ വർഷം എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകളിൽ തിരുത്തലുകൾ വരുത്തുന്നതിനും ഡ്യൂപ്ലിക്കേറ്റ് ലഭിക്കുന്നതിനുമായി പരീക്ഷാഭവനിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്രയെണ്ണത്തിൽ തീർപ്പ കൽപ്പിച്ചുവെന്നും വിശദമാക്കാമോ ; | (എ) | ആകെ 52,823 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. എല്ലാ അപേക്ഷകളും തീർപ്പാക്കി.<br><br>ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനായി ആകെ 13,201 അപേക്ഷകൾ ലഭിച്ചു. അതിൽ 11886 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. |
| (ബി) | സർട്ടിഫിക്കറ്റുകളിൽ തെറ്റുകൾ കടന്നു കൂടുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (ബി) | പരിശോധിച്ചിട്ടുണ്ട്. ജനനത്തീയതി, ജനന സ്ഥലം തുടങ്ങിയവ ജനനസർട്ടിഫിക്കറ്റ് പ്രകാരം തിരുത്തിക്കിട്ടുന്നതിനു വേണ്ടിയാണ് വളരെയധികം അപേക്ഷകളും പരീക്ഷാ ഭവനിൽ ലഭിക്കുന്നത്. സ്കൂൾ അഡ്മിഷൻ സമയത്ത് മാതാപിതാക്കൾ കുട്ടിയുടെ ജനനത്തീയതി ജനന സർട്ടിഫിക്കറ്റ് പ്രകാരമല്ല നൽകിയിട്ടുള്ളത് എന്നതിനാലാണ് തെറ്റുകൾ കടന്നുകൂടിയിരിക്കുന്നത്. മറ്റ് തെറ്റുകൾ തിരുത്തുന്നതിനുള്ള അപേക്ഷകൾ അപൂർവ്വമായിട്ടാണ് ലഭിക്കുന്നത്. |
| (സി) | ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | സ്കൂൾ അഡ്മിഷന് ജനന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് നിർബന്ധമാക്കി സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. സ്കൂൾ അഡ്മിഷൻ രജിസ്റ്ററിൽ വിദ്യാർത്ഥികളുടെ വിവരങ്ങളിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിന് (എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് മുൻപ്) പ്രധാനാദ്ധ്യാപകന് അധികാരം നൽകിയിട്ടുണ്ട്. സ്കൂളിൽ നിന്നും പരീക്ഷാ ഭവനിൽ സമർപ്പിക്കുന്ന 'എ-ലിസ്റ്റിൽ' തിരുത്തൽ വരുത്തുന്നതിനും (എസ്.എസ്.എൽ.സി പരീക്ഷ വരെ) ഹെഡ്മാസ്റ്റർക്ക് അവസരം നൽകിയിട്ടുണ്ട്. |

Sreedevi

സെക്ഷൻ ഓഫീസർ